**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - രാജകുമാരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക്കൽ സബ് സെക്ഷൻ ഓഫീസ് കെട്ടിട വാടകത്തുക - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1629/2019/തസ്വഭവ. തിരുവനന്തപുരം, തീയതി:29.07.2019**

പരാമർശം:
1. രാജകുമാരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 07.09.2004-ലെ I(എ) നമ്പർ തീരുമാനം
2. രാജകുമാരി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 21.10.2015-ലെ 4-ാം നമ്പർ തീരുമാനം
3. രാജകുമാരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.04.2018-ലെ എ 6.3166/17 നമ്പർ കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 08.03.2019-ലെ സി1/1284/16 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ രാജകുമാരി ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക്കൽ സബ് സെക്ഷൻ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് കെട്ടിടസൗകര്യം ലഭ്യമല്ലാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള II/3 നമ്പർ കെട്ടിടം ഓഫീസ് പ്രവർത്തനത്തിനായി പരാമർശം-(1) പ്രകാരം 23.11.2004 മുതൽ വാടകയ്ക്ക് നൽകുകയും ഒരു വർഷത്തേക്ക് വാടക ഒഴിവാക്കുകയും ചെയ്തിരുന്നു. കെട്ടിട വാടകനിരക്ക് സംബന്ധിച്ച് കെ.എസ്.ഇ.ബി.യും ഗ്രാമപഞ്ചായത്തും തമ്മിൽ തർക്കം നിലനിന്നതിനാൽ കെ.എസ്.ഇ.ബി. ഗ്രാമപഞ്ചായത്തിൽ വാടക ഇതുവരെ അടച്ചിട്ടില്ല. 2005 ഡിസംബർ മുതൽ വാടകയും പിഴയും കുടിശ്ശികയായി നിലനിൽക്കുന്നു. ഗ്രാമപഞ്ചായത്ത് നിവാസികൾക്കും സമീപ പഞ്ചായത്ത് പ്രദേശങ്ങളിലെ ആളുകൾക്കും സേവനം നൽകുന്ന സ്ഥാപനം എന്നത് പരിഗണിച്ച് കെ.എസ്.ഇ.ബി. നിർദ്ദേശിച്ച വാടക നിരക്ക് അംഗീകരിക്കണമെന്നും പിഴ ഒഴിവാക്കണമെന്നും പരാമർശം (2), (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. രാജകുമാരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് സെക്ഷൻ ഓഫീസ് കെട്ടിടം സമീപത്തെ അഞ്ച് പഞ്ചായത്തുകളിലെയും ഉപഭോക്താക്കൾക്ക് ഏറെ സൗകര്യപ്രദവും ഉപയോഗപ്രദവുമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് രാജകുമാരി ഗ്രാമപഞ്ചായത്തിൽ II/3 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സബ് സെക്ഷൻ

ഓഫീസ് കെട്ടിടത്തിന് കെ.എസ്.ഇ.ബി. നിർദ്ദേശിച്ച വാടകനിരക്ക് അംഗീകരിച്ച് ഉത്തരവാകുന്നു. ഇതുവരെയുള്ള പിഴയും ഒഴിവാക്കുന്നു. വാടകനിരക്ക് സംബന്ധിച്ച് ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി. അധികൃതരും തമ്മിൽ കരാർ ഒപ്പുവയ്ക്കേണ്ടതും പ്രസ്തുത നിരക്കിൽ കുടിശ്ശിക ഉൾപ്പെടെയുള്ള തുക കെ.എസ്.ഇ.ബി. അടിയന്തരമായി അടയ്ക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മദീന ബീഗം എ.
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, രാജകുമാരി ഗ്രാമപഞ്ചായത്ത്, ഇടുക്കി (പഞ്ചായത്ത് ഡയറക്ടർ മുഖേന)
സെക്രട്ടറി, കെ.എസ്.ഇ.ബി., തിരുവനന്തപുരം
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, തൊടുപുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ആർ.സി.2/75/2018/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ